# എഡിറ്റോറിയൽ

സമ്പന്നവും വൈവിധ്യപൂർണവുമായ വൈജ്ഞാനിക മേഖലയാണ് കേരളവിജ്ഞാനം. കേരളത്തിന്റെ തനതുസാംസ്കാരിക പശ്ചാത്തലത്തിൽ പ്രകൃതിയുമായും മണ്ണുമായും ജനജീവിതവുമായും ബന്ധപ്പെട്ട് വികസിച്ചുവന്ന വിജ്ഞാനമേഖലയാണിത്. അത്യന്തവും അഗാധവും വിപുലവും പാരമ്പര്യാധിഷ്ഠിതവുമായ മാനങ്ങൾ ഈ പഠനമേഖലയ്ക്കുണ്ട്. പാലൈ ജേർണലിന്റെ ഈ ലക്കം കേരളവിജ്ഞാനത്തിന്റെ വിവിധ തലങ്ങളെയാണ് വിശകലനവിധേയമാക്കുന്നത്. താളിയോലഗ്രന്ഥങ്ങളിലെ നാട്ടുചികിത്സാവിധികൾ, മാക്കം തെയ്യവുമായി ബന്ധപ്പെട്ട പഠനങ്ങൾ, നോക്കുവിദ്യപാവകളി, പുരാവസ്തു പഠനങ്ങൾ, തിണ പരികല്പന, ഗോത്രസംസ്കൃതിയും കഥാപാരമ്പര്യവും, മാപ്പിളക്കലകളിലെ സാംസ്കാരികമൂല്യം എന്നിങ്ങനെ പോകുന്നു പഠനവിഷയങ്ങൾ. കേരളവിജ്ഞാനത്തിന്റെ അഗാധതലങ്ങളെ അപഗ്രഥിക്കുന്ന ഈ ഗവേഷണരചനകൾ പഠിതാക്കൾക്കും ഗവേഷകർക്കും ഏറെ പ്രയോജനകരമാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. പ്രിൻസ് മോൻ ജോസ്**